"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി റിലിൻക്വിഷ് ചെയ്ത കടകംപള്ളി വില്ലേജിലെ ഭൂമിയിൽ, പുനർഗേഹം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിനായി 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.402/2023/F&P തിരുവനന്തപുരം, 19-05-2023

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 21/02/2023, 02/05/2023 എന്നീ തീയതികളിലെ ഡിഎഫ് ടി വി എം/1588/2021-S1പി ഐ യു നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി റിലിൻക്വിഷ് ചെയ്ത കടകംപള്ളി വില്ലേജിലെ 2.009 ഏക്കർ ഭൂമിയിൽ, 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി തീരദേശ വികസന കോപ്പറേഷൻ സമർപ്പിച്ച 37.62 കോടി (മുപ്പത്തി ഏഴു കോടി അറുപത്തി രണ്ടു ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ച്, ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുവാൻ മേൽ പരാമർശ കത്തുകൾ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷം 4405-00-103-89-00-34-03-P-V ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി റിലിൻക്വിഷ് ചെയ്ത കടകംപള്ളി വില്ലേജിലെ 2.009 ഏക്കർ ഭൂമിയിൽ, 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K S SRINIVAS

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (18/05/2023-ലെ 2374005/WCD-2/88/2023-FIN നമ്പർ കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ